entri

# Current affairs 04 Oct 2025

### ലോക മൃഗക്ഷേമ ദിനം
ഒക്ടോബർ 04
- 2025 Theme - Save Animals, Save the Planet!
- ലോകമെമ്പാടുമുള്ള മൃഗങ്ങളുടെ ക്ഷേമ നിലവാരം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് അവബോധം വളർത്തുന്നതിനായി എല്ലാ വർഷവും ഒക്ടോബർ 04 ന് ലോക മൃഗക്ഷേമ ദിനം ആഘോഷിക്കുന്നു.
- യുകെ ആസ്ഥാനമായുള്ള മൃഗക്ഷേമ ചാരിറ്റിയായ നേച്ചർ വാച്ച് ഫൗണ്ടേഷനാണ് ദിനാചരണത്തിന് നേതൃത്വം നൽകുന്നത്.

---

### സംസ്ഥാന ഗജ ദിനം
ഒക്ടോബർ 04
- ആനകളുടെ സംരക്ഷണത്തിനായി എല്ലാ വർഷവും ഒക്ടോബർ 04 കേരളത്തിൽ ഗജ ദിനമായി ആചരിച്ചു വരുന്നു.

---

### ലോക ബഹിരാകാശ വാരം
ഒക്ടോബർ 04-10
- 2025 Theme - Living in Space
- മനുഷ്യനിർമ്മിത ഉപഗ്രഹമായ സ്ഫുട്നിക് 1, 1957 ഒക്ടോബർ 04 ന് വിക്ഷേപിച്ചതിന്റെയും 1967 ഒക്ടോബർ 10 ന് ബഹിരാകാശ ഉടമ്പടിയിൽ ഒപ്പുവെച്ചതിന്റെയും ഓർമ്മയ്ക്കായിട്ടാണ് ബഹിരാകാശ വാരം ആഘോഷിക്കുന്നത്.

---

### ചൈനയിൽ നടന്ന 2025ലെ ലോക സ്പീഡ് സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ 42 കിലോമീറ്റർ മാരത്തണിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ ഇന്ത്യൻ താരം
ആനന്ദ്കുമാർ വേൽകുമാർ

---

### 2025-ലെ ഗാലപ്പ് ഗ്ലോബൽ സേഫ്റ്റി റിപ്പോർട്ടിൽ ലോകത്തിലെ ഏറ്റവും സുരക്ഷിത രാജ്യമായി തിരഞ്ഞെടുക്കപ്പെട്ട രാജ്യം
സിംഗപ്പൂർ






ആനന്ദ്കുമാർ വേൽകുമാർ

4.8 ★ Download the app now | Learn in Malayalam